ക്കയം എന്നയാളിനെ തടി നീക്കം ചെയ്യുന്നത് നിരോധിച്ച് 27.1.99 ൽ നോട്ടീസ് നൽകിയിട്ടുണ്ട്.

(ബി) തടി കടത്തിക്കൊണ്ട് പോയതിനാൽ വില തിട്ടപ്പെടുത്താൻ സാധിച്ചില്ല. എന്നാൽ 42,000 രൂപ വിലവരുമെന്ന് സെക്രട്ടറി എഫ്.ഐ.ആറിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുറംപോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഇല്ല. നമ്പർ ഇടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇല്ല. മുൻ എം.എൽ.എ. ശ്രീ. കെ.വി. കുര്യൻ പൊട്ടക്കുളം എന്നയാൾ ടി. ഇലവുമരം എം.റ്റി. തോമസ്, മല്ലപ്പള്ളി, മുണ്ടക്കയം എന്നയാളിന് വിറ്റിട്ടുള്ളതായി എഴുതിതന്നിട്ടുണ്ട്.

(ഇ) വില നിശ്ചയിച്ചു കിട്ടാത്തതുകൊണ്ട്.

(എഫ്) വില നിജപ്പെടുത്തി കിട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് വില ഈടാക്കുന്നതാണ്. പോലീസിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഇതിലെ പ്രതികൾ

1. ശ്രീ. എം.റ്റി. തോമസ് മല്ലപ്പള്ളി, മുണ്ടക്കയം
2. ശ്രീ. കെ.വി. കുര്യൻ, പൊട്ടംകുളം (മുൻ എം.എൽ.എ)

**368 (1561) ജില്ലാപഞ്ചായത്തിന്റെ പദ്ധതികൾ**

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലാ പഞ്ചായത്ത് 1999-2000 ൽ ആറന്മുള നിയോജക മണ്ഡലത്തിൽ നടത്താൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനുവേണ്ടി 1999 നവംബർ 30 വരെ എന്തു തുക ചെലവാക്കിയിട്ടുണ്ട്;

(സി) അപ്രകാരം ലക്ഷ്യമിട്ടിട്ടുള്ള എല്ലാ പദ്ധതികളും പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) 1998-99-ൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) ജില്ലാ പഞ്ചായത്തുകളുടെ പദ്ധതികൾ ഫലപ്രദമായി പൂർത്തിയാക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(ഇ) വിവരം ശേഖരിച്ചുവരുന്നു.

**369 (1562) പഞ്ചായത്ത് സെക്രട്ടറിമാരുടെ സസ്പെൻഷൻ**

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കൊല്ലം ജില്ലയിലെ എത്ര പഞ്ചായത്ത് സെക്രട്ടറിമാർ ഇപ്പോൾ സസ്പെൻഷനിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിൽ അഴിമതി കാണിച്ചു എന്ന കാരണത്താൽ സസ്പെന്റ് ചെയ്യപ്പെട്ടവർ എത്ര;

(സി) സസ്പെൻഷനിലായതിനുശേഷം ആത്മഹത്യ ചെയ്ത ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ എത്രപേരുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പഞ്ചായത്ത് സെക്രട്ടറിമാരെ പദ്ധതി നടത്തിപ്പിന്റെ പേരിൽ അകാരണമായി ശിക്ഷാനടപടികൾക്ക് വിധേയരാക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പദ്ധതി നടത്തിപ്പിൽ അഴിമതി കാണിച്ചതായി ബോദ്ധ്യപ്പെട്ട ഏതെങ്കിലും ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഏഴ്.

(ബി) നാല്

(സി) ഒന്ന്

(ഡി) ഇല്ല.

(ഇ) ഉണ്ട്.

**370 (1563) തൊഴിലില്ലായ്മ വേതനത്തിനുള്ള തീരുമാനമാകാതെ കിടക്കുന്ന അപേക്ഷകൾ**

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരസഭയിൽ തൊഴിലില്ലായ്മ വേതനത്തിനുള്ള എത്ര അപേക്ഷകൾ തീരുമാനമാകാതെയുണ്ട്;

(ബി) ഈ അപേക്ഷകൾ എന്നാണ് നഗരസഭയ്ക്ക് ലഭിച്ചത്;

(സി) ഈ അപേക്ഷകളിന്മേൽ നഗരസഭ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) തൊഴിലില്ലായ്മ വേതന വിതരണം നഗരസഭയെ ഏൽപ്പിച്ചതിനുശേഷം പുതുതായി ലഭിച്ച അപേക്ഷകരിൽനിന്നും എത്ര പേർക്ക് വേതനം നൽകാൻ കഴിഞ്ഞു;

(ഇ) നഗരസഭയിൽ തീർപ്പാകാതെ കിടക്കുന്ന അപേക്ഷകളിൻമേൽ അടിയന്തിര തീരുമാനം കൈക്കൊള്ളുമോ;

(എഫ്) ഇതിനാവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 451 അപേക്ഷകൾ

(ബി) 1.6.99 മുതൽ 30.11.99 വരെ ലഭിച്ച അപേക്ഷകളാണ് ഇവ.

LIBRARY ARCHIVES Kerala Legislative Assembly